**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **15-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാല സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **null<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിൽ കാർഷിക സർവ്വകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇത്തരം സ്ഥപനങ്ങളുടെ അഭാവം കാരണം ശാസ്ത്രീയമായി കൃഷി രീതികൾ നടപ്പിലാക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് ജില്ലയിൽ ഉള്ളതെന്ന് അറിയിക്കാമോ; | (ബി) | കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, പട്ടാമ്പി എന്നിവിടങ്ങളിലെ കാർഷിക സർവ്വകലാശാല കേന്ദ്രങ്ങളിൽ നിന്നും കർഷകർക്ക് ശാസ്ത്രീയമായി കൃഷി രീതികൾ നടപ്പിലാക്കുന്നതിനുള്ള അറിവുകൾ നേടുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികൾക്കും കൂടി കാർഷിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വയനാട് ജില്ലയിലെ അമ്പലവയലിൽ ഒരു കാർഷിക കോളേജും, മലപ്പുറം ജില്ലയിലെ തവനൂരിൽ ഒരു കാർഷിക എഞ്ചിനീയറിംഗ് കോളേജും പ്രവർത്തിച്ചുവരുന്നത്. |
| (സി) | നാളികേരം, നെല്ല് തുടങ്ങിയ കാർഷിക വിളകളുടെ ഉല്പാദനത്തിൽ ഏറെ മുൻപന്തിയിലുള്ള കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷ പ്രകാരം സ്വീകരിക്കുന്ന തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ